(ഡി) ബാധകമല്ല.

(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

(ജി) വെരിഫിക്കേഷൻ സമയത്ത് അപേക്ഷകൻ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എല്ലാം ശരിയാണ് എന്ന് സ്ഥാപിക്കുന്നതിന് മേൽവിലാസം, പ്രായം, വിദ്യാഭ്യാസയോഗ്യത എന്നിവയുടെ അസ്സൽ രേഖകൾ അന്വേഷണ ഉദ്യോഗസ്ഥന്റെ മുൻപാകെ കാണിക്കണം. മേൽവിലാസം തെളിയിക്കുന്നതിന് പകരമായി തഹസീൽദാർ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, ജനന സർട്ടിഫിക്കറ്റിനു പകരം ജനന തീയതി തെളിയിക്കുന്നതിന് എസ്. എസ്. എൽ. സി. ബുക്കിന്റെ പ്രസ്തുത പേജ് അല്ലെങ്കിൽ സ്കൂൾ പ്രവേശന രജിസ്റ്ററിന്റെ അറ്റസ്റ്റ് ചെയ്ത പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. ഈ വിവരങ്ങൾ ഡിസ്ട്രിക്ട് പാസ്പോർട്ട് സെൽ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ള പോലീസുദ്യോഗസ്ഥന്മാർ

56 [3436] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ളവരെ ജില്ലാ ഭരണത്തലവൻമാരായി നിയമിക്കണമെന്ന് ഗവൺമെന്റ് ഉത്തരവുകളും സർക്കുലറുകളും നിലവിലുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിൽ പോലീസ് വകുപ്പിൽ ഇത്തരം എത്ര ഉദ്യോഗസ്ഥന്മാരെ ജില്ലാ തലവന്മാരായി നിയമിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഇല്ല

(ബി) നിയമിച്ചിട്ടില്ല.

ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷന്റെ ശോചനീയാവസ്ഥ

57 [3439] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് നിർദ്ദേശിച്ച വെള്ളിനേഴി വില്ലേജിലെ സർവേ നമ്പർ 352/2-ലെ 0.1125 ഹെക്ടർ പൊതുമരാമത്ത് വകുപ്പു വക സ്ഥലം കൈമാറുന്നത് സംബന്ധിച്ച നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടം ശോചനീയാവസ്ഥയിലല്ല. എങ്കിലും പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം പോലീസ് വകുപ്പിന് കൈമാറുന്നതിനായുള്ള പാലക്കാട് ജില്ലാ കളക്ടറുടെ നിർദ്ദേശം തിരുവനന്തപുരം ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ അനുമതി ലഭിക്കേണ്ടതുണ്ട്.

(സി) ശ്രീകൃഷ്ണപുരത്ത് നിലവിലുള്ള പോലീസ് സ്റ്റേഷൻ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. റിപ്പയർ ആവശ്യമായി വരുന്ന മുറയ്ക്ക് കെട്ടിട ഉടമസ്ഥനുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

കെ. എ. പി. രണ്ടാം ബറ്റാലിയനിൽ നിയമന നടപടി

58 [3440] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് കോൺസ്റ്റബിൾ കെ. എ. പി. രണ്ടാം ബറ്റാലിയനിൽ നിയമിക്കുന്നതിന് പി. എസ്. സി.-യിൽ അഡ്വൈസ് മെമ്മോ അയച്ചിട്ടും ഡിപ്പാർട്ടുമെന്റിൽ നാളിതുവരെ ഉദ്യോഗാർത്ഥികൾക്ക് നിയമനോത്തരവ് ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) കെ. എ. പി. രണ്ടാം ബറ്റാലിയനിൽ എത്ര പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകളിലേക്കുള്ള നിയമനത്തിനാണ് പി. എസ്. സി. ലിസ്റ്റ് തയ്യാറാക്കിയത്;

(സി) അഡ്വൈസ് മെമ്മോ ലഭിച്ചിട്ട് നാലുമാസങ്ങൾ കഴിഞ്ഞിട്ടും പോലീസ് വകുപ്പിൽ നിന്നും നിയമനോത്തരവ് നൽകാതിരിക്കാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ;

(ഡി) അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് അടിയന്തിരമായി നിയമനോത്തരവ് നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly